MEDIA CONSULTANTS

# DEEPIKA

## Union Minister Harsh Vardhan promises support for RGCB's incubation centre

Date: **09-09-2015** | Edition: **KOCHI** | Page No: **03** | Clip size (cm) - W: **16.5** H: **13**

---

# ആർജിസിബി ബയോനെസ്റ്റിന് കേന്ദ്രസഹായം നൽകും: ഡോ. ഹർഷവർധൻ

**കൊച്ചി:** കളമശേരി കിൻഫ്ര പാർക്കിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (ആർജിസിബി) ആരംഭിച്ചിട്ടുള്ള ബിസിനസ് ഇൻകുബേഷൻ കേന്ദ്രമായ ബയോനെസ്റ്റിന് കേന്ദ്ര സർക്കാരിന്റെ സാധ്യമായ എല്ലാ സഹായവും കേന്ദ്രമന്ത്രി ഡോ. ഹർഷവർധൻ വാഗ്ദാനം ചെയ്തു.

രാജ്യത്ത് കൂടുതൽ ബയോടെക്നോളജി സ്റ്റാർട്ടപ്പുകൾ തുടങ്ങേണ്ടത് ആവശ്യമാണെന്ന് ആർജിസിബി ബയോനെസ്റ്റ് സന്ദർശനവേളയിൽ അദ്ദേഹം പറഞ്ഞു. ബയോനെസ്റ്റിന് വൻ സാധ്യതകളാണുള്ളത്. വരുംവർഷങ്ങളിൽ ഇത് നിരവധി സംരംഭങ്ങൾക്ക് വേദിയാകുമെന്ന് തനിക്ക് ഉറപ്പുണ്ടെന്ന് കേന്ദ്രമന്ത്രി വ്യക്തമാക്കി. സംസ്ഥാന വ്യവസായ ഐടി പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യനും ആർജിസിബി അധികൃതരും മന്ത്രിയോടൊപ്പമുണ്ടായിരുന്നു.

ആർജിസിബിയും തിരുവനന്തപുരം ടെക്നോപാർക്കിലെ സ്റ്റാർട്ടപ് മിഷനും ചേർന്ന് സ്ഥാപിച്ചിട്ടുള്ള ഇൻകുബേഷൻ സെന്ററിൽ ഗവേഷണത്തിനും വികസനത്തിനും അനുയോജ്യമായ ഏറ്റവും ആധുനികമായ സജീകരണങ്ങളാണുള്ളത്. പ്രാദേശികമായി പുത്തൻ സംരംഭങ്ങൾ തുടങ്ങാനുള്ള സാങ്കേതികവിദ്യയും ലൈസൻസും ബയോനെസ്റ്റ് ലഭ്യമാക്കും. ഇതിനുപുറമെ സംരംഭങ്ങളുടെ തുടക്കത്തിൽതന്നെ ഏറ്റവും കുറഞ്ഞ ചെലവിൽ മൂല്യവൽക്കരണം നടത്താൻ വേണ്ട സാങ്കേതികവിദ്യയ്ക്ക് ലൈസൻസ് നേടിക്കൊടുക്കുന്നതിനുള്ള സംവിധാനവും ബയോനെസ്റ്റ് ഒരുക്കും.

ഒരു സ്റ്റാർട്ടപ്പിനുവേണ്ടി ബയോനെസ്റ്റ് നാലു വർഷത്തെ ഇൻകുബേഷൻ സൗകര്യമാണ് നൽകുന്നത്. തുടർന്ന് സ്വതന്ത്രമായി പ്രവർത്തിക്കാൻ വേണ്ട അടിസ്ഥാനസൗകര്യവും ഈ ഇൻകുബേറ്ററിൽ ഒരുക്കും.



കളമശേരി കിൻഫ്ര പാർക്കിൽ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (ആർജിസിബി) ആരംഭിച്ച ബിസിനസ് ഇൻകുബേഷൻ കേന്ദ്രമായ ബയോനെസ്റ്റിൽ സന്ദർശനം നടത്തിയ കേന്ദ്രമന്ത്രി ഡോ. ഹർഷവർധൻ സംരംഭകരുമായി ആശയവിനിമയം നടത്തുന്നു. സംസ്ഥാന വ്യവസായ ഐടി പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യൻ സമീപം.